പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5606 27.03.2018-ലെ മറുപടിക്ക്

## സുശീൽഖന്ന റിപ്പോർട്ടിലെ ശിപാർശകൾ

ചോദ്യം

ശ്രീ. പി.ടി. തോമസ്

" അൻവർ സാദത്ത്

" തിരുവഞ്ചൂർ രാധാകൃഷ്ണൻ

" വി.പി.സജീന്ദ്രൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ ധനകാര്യം, സാങ്കേതികം, ഓപ്പറേഷൻ എന്നീ മൂന്ന് മേഖലകളിലാക്കി മൂന്ന് വിദഗ്ധരെ നിയമിക്കണമെന്ന് സുശീൽ ഖന്ന റിപ്പോർട്ടിൽ ശിപാർശയുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനായി തുടക്കമെന്നോണം കുറഞ്ഞത് രണ്ട് സീനിയർ ജനറൽ മാനേജർ / ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ എന്നിവരെ കോർപ്പറേഷന് പുറത്തുനിന്നും നിയമിക്കണമെന്നും ഫിനാൻഷ്യൽ കൺട്രോളറെ നിയമിക്കണം എന്നും പ്രൊഫ. സുശീൽഖന്നയുടെ കരട് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പ്രൊഫ.സുശീൽഖന്ന യുടെ ഇടക്കാല റിപ്പാർട്ടിലെ ശിപാർശ പ്രകാരം കെ.എസ്.ആർ.റ്റി.സി.യുടെ തലപ്പത്ത് താൽക്കാലികവും കരാർ അടിസ്ഥാനത്തിലുമുള്ള പത്ത് തസ്തികകളിൽ പ്രൊഫഷണലുകളെ നിയമിക്കുവാൻ തീരുമാനിച്ചിരുന്നു. ജനറൽ മാനേജർ (ടെക്നിക്കൽ) - 1 എണ്ണം, ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) - 1 എണ്ണം, ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) - 1 എണ്ണം, ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് &അഡ്മിനിസ്ട്രേഷൻ) - |
| (ബി) | കെ.എസ്.ആർ.ടി.സി തലപ്പത്ത് മാനേജ്മെന്റ് വിദഗ്ധരെ നിയമിക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതിനകം എത്ര പേരെ നിയമിച്ചു; വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | 1 എണ്ണം, ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) - 1 എണ്ണം, ചാർട്ടേഡ് അക്കൌണ്ടന്റ് / കോസ്റ്റ് അക്കൌണ്ടന്റ് - 5 എണ്ണം എന്നിവയാണ് ഈ തസ്തികകൾ. ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനി സ്ട്രേഷൻ) തസ്തികയിൽ ഒരാളെയും, ചാർട്ടേഡ് / കോസ്റ്റ് അക്കൌണ്ടന്റ് തസ്തികയിൽ 3 പേരെയും കരാർ അടിസ്ഥാന ത്തിൽ നിയമിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച മറ്റ് തസ്തികകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ച വരുന്നു. |
| (സി) | ജീവനക്കാരുടെ പുനർവിന്യാസം തൊഴിലാളി യൂണിയൻ നേതാക്കളുടെ ഇടപെടൽ കൊണ്ട് തടസ്സപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | തടസ്സപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**